"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ്- കാസറഗോഡ് ജില്ല- കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ടാറ്റാ പ്രോജക്ട്സ് ലിമിറ്റഡ് തെക്കിൽ വില്ലേജിൽ നിർമ്മിച്ച് സർക്കാരിന് കൈമാറിയ കോവിഡ് ആശുപത്രിയ്ക്ക് HT service connection - സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക- അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ(എ) വകുപ്പ്

**സ.ഉ.(സാധാ) നം.399/2021/DMD** തീയതി,തിരുവനന്തപുരം, 05/05/2021

---

പരാമർശം:- കാസറഗോഡ് ജില്ലാകളക്ടറുടെ 16/04/2021 ലെ ഡിസികെഎസ്ജി ഡി/3417/2020-കെ4 നമ്പർ കത്ത്

## ഉത്തരവ്

ജില്ലയിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ടാറ്റാ പ്രോജക്ട്സ് ലിമിറ്റഡ് തെക്കിൽ വില്ലേജിൽ നിർമ്മിച്ച് സർക്കാരിന് കൈമാറിയ കോവിഡ് ആശുപത്രിയുടെ supply and installation of unitised sub station, diesel generator and related works നായി സർക്കാർ 2.3 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിരുന്നതും, ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണെന്നും തുടർന്ന് HT service connection നൽകുന്നതിനായി സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായ 27,05,000/- രൂപ ഒടുക്കുന്നതിന് കെ.എസ്.ഇ.ബി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ചിട്ടുള്ളതായി ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുകയാണെന്നും പ്രസ്തുത തുകയായ 27,05,000/- (ഇരുപത്തിയേഴ് ലക്ഷത്തി അയ്യായിരം രൂപ മാത്രം) രൂപ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് അടിയന്തിരമായി അനുവദിച്ച് തരണമെന്നും കാസറഗോഡ് ജില്ലാകളക്ടർ പരാമർശം പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലയിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ടാറ്റാ പ്രോജക്ട്സ് ലിമിറ്റഡ് തെക്കിൽ വില്ലേജിൽ നിർമ്മിച്ച് സർക്കാരിന് കൈമാറിയ കോവിഡ് ആശുപത്രിയ്ക്ക് HT service connection നൽകുന്നതിനായി സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായ 27,05,000/- രൂപ(ഇരുപത്തി ഏഴ് ലക്ഷത്തി അയ്യായിരം രൂപ മാത്രം) സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245-02-101-94-01 F other items എന്ന ശീർഷകത്തിൽ നിന്ന് അനുവദിച്ച് ഉത്തരവാകുന്നു. തുക വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടി കാസറഗോഡ് ജില്ലാകളക്ടർ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ .എ .ജയതിലക് ഐ.എ.എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം

ജില്ലാകളക്ടർ, കാസറഗോഡ്

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :-

റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്

റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

ഉത്തരവിൻ പ്രകാരം

Validity unknown

Digitally signed by JAYACHANDRAN K P
Date: 2021.05.05 18:43:12 IST
Reason: Approved

സെക്ഷൻ ഓഫീസർ